Dated : 10/11/2021

## പട്ടാപ്പകൽ വീടിന്റെ ഓട് പൊളിച്ച് അകത്തുകയറി മോഷണം രണ്ട് പേർ അറസ്റ്റിൽ

കൊട്ടിയം: വീട്ടിൽ ആളില്ലാതിരുന്ന സമയത്ത് വീടിന്റെ ഓട് പൊളിച്ച് അകത്തുകയറി കിടക്കമുറിയിലെ അലമാരയുടെ പൂട്ട് അടുക്കളയിൽ നിന്നും വെട്ടുകത്തി എടുത്ത് വെട്ടിപ്പൊളിച്ച് സ്വർണ്ണവും പണവും കവർന്ന തൃക്കോവിൽവട്ടം വില്ലേജിൽ മുഖത്തല പാങ്കോണം കൊച്ചുകുന്നത്തുവിള വീട്ടിൽ ഗോപാലൻ മകൻ ഉദയൻ (40) ആണ് കൊട്ടിയം പോലീസ് അറസ്റ്റ്ചെയ്തത്. കഴിഞ്ഞ ദിവസം തൃക്കോവിൽവട്ടം വില്ലേജിൽ വെറ്റിലത്താഴം ചേരി ഡീസന്റ് മുക്ക് ദിവ്യ പാക്കിംഗ് സെന്ററിന് സമീപം ചരുവിള വീട്ടിൽ ജനാർദ്ദനൻ മകൻ മഹേശൻപിള്ളയുടെ വീടിന്റെ ഓട് പൊളിച്ച് കിടക്കമുറിയിലെ അലമാരവെട്ടിപ്പൊളിച്ച് അരപ്പവൻ തൂക്കം വരുന്ന രണ്ട് സ്വർണ്ണ മോതിരങ്ങളും അലമാരയിൽ പല സ്ഥലത്തായി വച്ചിരുന്ന ഏകദേശം 10,000/- രൂപയും മോഷ്ടിച്ച കേസിലെ പ്രതികളായ തൃക്കോവിൽവട്ടം മുഖത്തല പാങ്കോണം ചേരിയിൽ കൊച്ചുകുന്നത്തുവിള വീട്ടിൽ ഗോപാലൻ മകൻ ഉദയൻ, തൃക്കോവിൽവട്ടം വെറ്റിലത്താഴം ചേരിയിൽ പനമ്പിൽ വീട്ടിൽ



ഭാസ്ക്കരപിള്ള മകൻ ശിവജി എന്നിവരാണ് അറസ്റ്റി ലായത്. നടന്നിട്ടുള്ള നിരവധി മോഷണക്കേസുകളിലെ മോ ഷണമുതലുകൾ വിൽക്കുന്നതിലും ഉദയന്റെ സഹായിയാ യിരുന്നു ശിവജി. സിറ്റി പോലീസ് കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ചാത്തന്നൂർ എസിപി യുടെ നിർദ്ദേശാനുസരണം കൊട്ടിയം ഐ.എസ്എച്ച്.ഒ ജിംസ്റ്റൽ എസ് ഐ മാരായ സുജിത്ത് ജി നായർ, റെക്സൺ, സിപിഒ ബിജു എന്നവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു. പ്രതികളെ പോലീസ് കസ്റ്റഡിയിൽ വാങ്ങി കൂടുതൽ ചോദ്യം ചെയ്ത് മറ്റ് കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷണം നടത്തുന്നതാണ്.

## സ്കൂട്ടറിൽ യാത്രചെയ്തുവന്നയാളെ തടഞ്ഞുനിർത്തി ഉപദ്രവിച്ചയാൾ അറസ്റ്റിൽ

കരുനാഗപ്പള്ളി : സ്കൂട്ടറിൽ യാത്രചെയ്തുവന്നയാളെ തടഞ്ഞുനിർത്തി ചവിട്ടി താഴെയിട്ടശേഷം കൈയ്യിൽ കരുതിയിരുന്ന പാച്ചാത്തിയുടെ പിടി കൊണ്ട് യാത്രക്കാരന്റെ മുഖത്തും വായിലും തുടർച്ചയായി ഇടിച്ചു പരിക്കേൽപ്പിച്ച കുലശേഖരപുരം കടത്തൂർ മുറിയിൽ കട്ടച്ചിറ തെക്കതിൽ റഷീദ് മകൻ അനീർഷാ (40) ആണ് കരുനാഗപ്പള്ളി പോലീസ് അറസ്റ്റ് ചെയ്തത്. കുലശേഖരപുരം കോട്ടയ്ക്കുപുറം മുറിയിൽ ക്ലാപ്പന സരോജാ ഭവ




നിൽ സദാശിവൻ പിള്ള മകൻ അജയനെയാണ് കഴിഞ്ഞ എട്ടാം തീയതി സ്കൂട്ടറിൽ യാത്രചെയ്തുവരവേ കടത്തൂരിൽ വച്ച് തടഞ്ഞുനിർത്തി അക്രമിച്ചത്. യാതൊരു പ്രകോപനവും കൂടാതെ പ്രകോപിതനായ അനീ

Dated : 10/11/2021

ർഷാ അജയനെ ഉപദ്രവിക്കുകയായിരുന്നു. പിച്ചാത്തിയുടെ പിടികൊണ്ട് ഇടിച്ചതിൽ വച്ച് മൂക്കിന്റെ പാലത്തിന് പൊട്ടലും പല്ലുകൾ ഇളകുന്നതിനും ഇടയാക്കി. പ്രതി അനീർഷായിക്കെതിരെ മുൻപും മദ്യപിച്ച് പലരേയും ഉപദ്രവിച്ചതിന് കേസുകൾ നിലവിലുണ്ട്. കരുനാഗപ്പള്ളി എസിപി ഷൈനുതോമസിന്റെ നിർദ്ദേശാനുസരണം കരുനാഗപ്പള്ളി ഐഎസ്എച്ച്ഒ ഗോപകുമാറിന്റെ നേതൃത്വത്തിൽ എസ്ഐ മാരായ അലോഷ്യസ്, ജയശങ്കർ, ഓമനക്കുട്ടൻ എഎസ്ഐ ഷാജിമോൻ എന്നവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

## ബിസിനസ് പങ്കാളിയെ വധിക്കാൻ ക്വട്ടേഷൻ രണ്ടുപേർ അറസ്റ്റിൽ




കരുനാഗപ്പള്ളി : വിദേശത്തെ ബിസിനസ് പങ്കാളികൾ തമ്മിലുള്ള കരുനാഗപ്പള്ളി സ്വദേശിയായ പ്രവാസിയെ ക്വട്ടേഷൻ നൽകി കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ രണ്ടുപേരെ കൂടി പോലീസ് അറസ്റ്റ് ചെയ്തു. ആലുവാ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിൽ കാഞ്ഞൂർ പി.ഒയിൽ നെടുമ്പുറത്ത് വീട്ടിൽ രത്നൻ മകൻ ഗോകുൽ (29), ആലുവാ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിൽ കാഞ്ഞൂർ പി ഒ യിൽ പയ്യപ്പള്ളി വീട്ടിൽ അരുൺ ജോർജ് (28) എന്നിവരാണ് കരുനാഗപ്പള്ളി പോലീസ് പിടിയിലായത്. പ്രവാസി കരുനാഗപ്പള്ളി അയണിവേലികുളങ്ങര പ്രൊഫസർ ബംഗ്ലാവിൽ അബ്ദുൾ സമദ് (48) നെയാണ് കഴിഞ്ഞ 24 ന് രാത്രി 08.30 ന് മാർക്കറ്റ് റോഡിന് സമീപത്ത് വച്ച് സ്കൂട്ടർ ഇടിച്ചുവീഴ്ത്തിയശേഷം കാറിലെത്തിയ സംഘം ആക്രമിച്ചത്.

സൗദിയിലെ ദമാമിൽ 20 വർഷമായി ബിസിനസ് നടത്തുന്ന അബ്ദുൾ സമദ് ബിസിനസ് പങ്കാളിയും ബന്ധുവുമായ ശാസ്താംകോട്ട പള്ളിശ്ശേരിക്കൽ സ്വദേശി ഹാഷിമുമായി ദമാമിൽ വച്ച് തർക്കമുണ്ടാവുകയും ആയതിനെ തുടർന്ന് ഹാഷിം രണ്ട് ലക്ഷം രൂപയ്ക്ക് സമദിനെ വധിക്കാൻ തേവലക്കര സ്വദേശി ഷിനുവിന് ക്വട്ടേഷൻ കൊടുത്തു. തുടർന്ന് ഷിനു എറണാകുളത്തെ ഗുണ്ടാത്തലവൻരെ സംഘത്തിലെ രണ്ടുപേരുമായി ചേർന്ന് ക്വട്ടേഷൻ ഏറ്റെടുക്കുകയായിരുന്നു. അബ്ദുൾ സമദിന് ഗൾഫിലേക്ക് തിരികെ പോകുന്നതിനുള്ള ടിക്കറ്റിന്റെ പേരിൽ ശാസ്താംകോട്ടയിലേക്ക് വിളിച്ചുവരുത്തിആക്രമിക്കുകയായിരുന്നു. ഈ കേസിലെ പ്രതികളായ മുഹമ്മദ് സുഹൈൽ, ഉമറുൾ മുക്താർ, ഷിനു പീറ്റർ എന്നിവരേ നേരുത്തെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിരുന്നു. കരുനാഗപ്പള്ളി എസിപി ഷൈനുതോമസിന്റെ നിർദ്ദേശാനുസരണം കരുനാഗപ്പള്ളി ഐഎസ്എച്ച്ഒ ഗോപകുമാറിന്റെ നേതൃത്വത്തിൽ എസ്ഐ മാരായ അലോഷ്യസ് അലക്സാണ്ടർ ഓമനക്കുട്ടൻ എന്നവരടങ്ങിയ സംഘം പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു